പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. * 157

07.03.2018-ൽ മറുപടിയ്ക്ക്

## അട്ടപ്പാടിയിൽ പട്ടികഗോത്ര യുവാവിനെ കൊലപ്പെടുത്തിയ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. വി. അൻവർ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. വി. വിജയദാസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് അട്ടപ്പാടിയിൽ പട്ടിക ഗോത്ര യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ എല്ലാവരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; പ്രതികൾ ആരൊക്കെയെന്ന് അറിയിക്കാമോ; പ്രഥമ വിവര റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് അട്ടപ്പാടിയിൽ പട്ടിക ഗോത്ര യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ പാലക്കാട് ജില്ലയിലെ അഗളി പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 87/2018 u/s 143, 147, 148, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC & Sec.3(1)(d) (r) , 3(2) (v) of SC/ST POA Act & Sec.27(2)(c) of Kerala Forest Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.<br>ടി കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള 16 പേരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>**പ്രഥമ വിവര റിപ്പോർട്ട്**<br>22.02.2018 തീയതി 14.15 മണിക്ക് അഗളി പോലീസ് സ്റ്റേഷനിലേക്ക് മധു ചിണ്ടക്കി എന്നയാളെ മുക്കാലി ജംഗ്ഷനിൽ നാട്ടുകാർ പിടിച്ചു വച്ചിരിക്കുന്ന വിവരം ലഭിച്ചു. അതനുസരിച്ച് മധുവിനെ മുക്കാലിയിൽ നിന്ന് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ 15.30 മണിക്ക് കൂട്ടിക്കൊണ്ട് വരുന്നതിനിടെ താവളം ജംഗ്ഷനിൽ വച്ച് ടിയാൻ ഛർദ്ദിച്ച് അവശനാകുകയും സ്റ്റേഷനിലേക്ക് കൊണ്ട് വരുന്ന വഴി മെഡിക്കൽ പരിശോധനയ്ക്കായി അഗളി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ച് ടിയാൻ മരണപ്പെട്ടതായി പറഞ്ഞു. തുടർന്ന് ടിയാന്റെ മൃതദേഹം അഗളി സി.എച്ച്.സി മോർച്ചറിയിലേയ്ക്ക് മാറ്റുകയും 17.15 മണിക്ക് |

അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം. 87/18 u/s 174 CrPc ആയി കേസ് രജിസ്റ്റർ ചെയ്തു. തുടരന്വേഷണത്തിൽ അറിവായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ CrPc174 ഭേദഗതി ചെയ്തു മേൽ വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രതികളെ കണ്ടെത്തുന്നതിൽ കാണിച്ച കാര്യക്ഷമതയും സൂക്ഷ്മതയും അവരെ നിയമ വിചാരണയ്ക്ക് വിധേയമാക്കുന്നതിനും കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ വാങ്ങി ക്കൊടുക്കുന്ന കാര്യത്തിലും പുലർത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | കുറ്റവാളികൾക്ക് മാതൃകപരമായ ശിക്ഷ വാങ്ങി ക്കൊടുക്കുന്ന കാര്യത്തിൽ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ദുർബലജന വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട വരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് അതീവ ശ്രദ്ധ പുലർത്താൻ പോലീസിനെ പ്രാപ്തമാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ? | (സി) | ജനമൈത്രി ബീറ്റുകൾ ശക്തിപ്പെടുത്തിയും, പരാതികൾ സ്വീകരിച്ച് ഉടനടി പരിഹാരം കണ്ടെത്തിയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും ദുർബല ജനവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സുരക്ഷ ഉറപ്പാക്കി വരുന്നു. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു പുറമേ, 02.03.2018-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം അട്ടപ്പാടിയിൽ വിളിച്ചു ചേർത്ത് ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തുവാൻ ആവശ്യമായ നിർദ്ദേശം നേരിട്ടു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പേര് | വയസ്സ് | വിലാസം |
|---|---|---|---|
| 1 | ഹുസൈൻ | 50 | മേച്ചേരിയിൽ വീട്, പാക്കുളം, താവളം പോസ്റ്റ്, കള്ളമല |
| 2 | മരക്കാർ | 33 | കിളയിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 3 | ഷംസുദീൻ | 34 | പൊതുവച്ചോല വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 4 | അനീഷ് | 30 | കുന്നത്ത് വീട്, കൽക്കണ്ടി (പി.ഒ), കക്കുപ്പടി, കള്ളമല. |
| 5 | രാധാകൃഷ്ണൻ | 34 | താഴുശ്ശേരി വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 6 | അബൂബക്കർ | 31 | പൊതുവച്ചോല വീട്, പള്ളിപ്പടി, ആനമൂളി, തെങ്കരപോസ്റ്റ്. |
| 7 | സിദ്ദിഖ് | 38 | പടിഞ്ഞാറേപ്പള്ള കുരിക്കൾ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 8 | ഉബൈദ് | 25 | തൊട്ടിയിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 9 | നജീബ് | 33 | വിരുത്തിയിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 10 | ജെയ്ജുമോൻ | 44 | മണ്ണമ്പറ്റ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 11 | അബ്ദുൾകരീം | 48 | ചോലയിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 12 | സജീവ് | 30 | പുത്തൻപുരയ്ക്കൽ വീട്, കൊട്ടിയൂർ കുന്ന്, മുക്കാലി കള്ളമല. |
| 13 | സതീഷ് | 39 | മുരിക്കട വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 14 | ഹരീഷ് | 34 | ചെരിവിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 15 | ബിജു | 41 | ചെരിവിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |
| 16 | മുനീർ | 28 | വിരുത്തിയിൽ വീട്, മുക്കാലി പോസ്റ്റ്, കള്ളമല. |

Sd/-

സെക്ഷൻ ഓഫീസർ